
# ADVENTURES IN LEARNING



LITTLE KITES

GHSS PADIYOOR

2023-24

# Editorial Board

## MEMBERS



NAVANEETH P



KAUSHIK K



DEVANA V



SUJAY SUJITH



DEVAPRIYA PV



ADISREE AV



SHANISH T



ADIDEV C



ALAN KRISHNA AV



VINAYAK AV
(COVER PAGE DESIGNER)



SURYADEV



ATMAJ

അത് സ്നേഹമാണ്, നന്മയാണ്,
പ്രചോദനമാണ്,
സാന്ത്വനമാണ്, അളവില്ലാത്ത
പ്രതീക്ഷയാണ്.
നാളെയുടെ പ്രതീക്ഷകൾ ആകാൻ
നന്മയുടെ നാളങ്ങൾ ആകാൻ
നിങ്ങളുടെ വാക്കുകൾക്കും വരകൾക്കും
വർണങ്ങൾക്കും എന്നുമാകട്ടെ...........

സ്നേഹാശംസകളോടെ
ഓമന എ ഡി
പ്രധമാധ്യാപിക



ഗവൺമെന്റ് ഹയർ സെക്കന്ററി
സ്കൂൾ പടിയൂർ

കേവലം വിദ്യാഭ്യാസ കലണ്ടറിലെ
കോളങ്ങൾ
നിറക്കുവാനുള്ള
പ്രവർത്തനങ്ങൾക്കപ്പുറം നാം
ജീവിക്കുന്ന
സുന്ദരമായ ചുറ്റുപാടുകളേയും ജീവൽ
സംവിധാനങ്ങളേയും
മനോഹരമാക്കി വരും തലമുറക്ക്
കൈമാറുവാൻ സാധ്യമാക്കുന്ന
സർഗാത്മക, പ്രവർത്തനങ്ങൾക്കും
കൗമാരങ്ങളിലെ
കഴിവുകളെയും ശേഷിപ്പുകളെയും
തേച്ചുമിനുക്കിയെടുക്കുന്ന
സാധനകൾക്കും എല്ലാവിധ
പിന്തുണയും ആശംസകളും ......



മേരി ജോസഫ്
(SITC)

കലാസൃഷ്ടരാൽ നിറഞ്ഞിരിക്കുന്ന നമ്മുടെ കലാലയങ്ങളിൽ അവരുടെ സൃഷ്ടികൾ രേഖപ്പെടുത്തുന്നതിനായുള്ള ഒരു വേദിയാണ് വിദ്യാലയ പ്രസിദ്ധീകരണങ്ങൾ.
വരികളിലൂടെയും വരകളിലൂടെയും
നിങ്ങൾ കൊത്തിവച്ച ശില്പമാണ് ഈ സമാഹാരം.
പടിയൂർ ഗവ:ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ രചനകൾക്ക് ഡിജിറ്റൽ രൂപം നൽകിയ
2023-24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മക്ക് അഭിനന്ദനങ്ങൾ.



T.V. Ujesh
(kite master)

കുട്ടികളുടെ IT കൂട്ടായ്മയായ
'Little kites'ലൂടെ സാങ്കേതിക
വിദ്യയിലും വൈദഗ്ധ്യവും
അഭിരുചിയുമുള്ള
ഒരു പുതുസമൂഹത്തെ,
ഒരു പുതുതലമുറയെ
സൃഷ്ടിക്കുവാൻ കഴിയട്ടെ..............

ആശംസകളോടെ
അശ്വതി ടി കെ
(Littte kite mistress)



Best wishes to all the new buds of literature. Happy to know that a digital magazine is being published by the ‘little kites’ of GHSS Padiyoor. Hope this great venture will flourish the talent of the young writers.



Abdul Latheef K
Senior Assistant,

GHSS Padiyoor

ലോകപഞ്ചഗുസ്തി മത്സരത്തിൽ ഭാരതത്തെ പ്രതിനിധീകരിച്ച് ലോക കായിക ചരിത്രത്തിൽ തങ്കലിപികളിൽ എഴുതിച്ചേർത്ത പേര് എം.എം. ത്രേസ്യാമ്മ ടീച്ചർ.



പടിയൂരിന്റെ കായികാധ്യാപികയായ ത്രേസ്യാമ്മ ടീച്ചർക്ക്
G.H.S.S Padiyoor Little Kites ടീമിന്റെ സ്നേഹാദരങ്ങൾ.

മുൻവർഷങ്ങളിൽ Little Kites Mistress ആയും Joint SITC ആയും
പ്രവർത്തിച്ച ടീച്ചർക്ക് നന്ദി.

സർവീസിൽ നിന്നും വിരമിക്കുന്ന ടീച്ചർക്ക് വരും കാലങ്ങളിലും കർമ്മനിരതമായിരിക്കുവാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

TEAM LITTLE KITES

# ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ







# ഉള്ളടക്കം

1 Nature........................................................................ 14
2 നവകേരള നിർമ്മാണത്തിൽ വൈദ്യുത സുരക്ഷയുടെ പങ്ക്.................................................. 15
3 ജീവിതം ഇനിയും ബാക്കി......................................... 16
4 തണലില്ലാത്തവർ..................................................17
5 മധുരബാല്യം.......................................................... 20
6 പൂവ്........................................................................ 21
7 അമ്മ......................................................................... 22
8 അമ്മ ഉറങ്ങുകയാണ്............................................ 23
9 നന്മയുടെ ലോകത്തെ ഇരുണ്ട വെളിച്ചങ്ങൾ.......................................................... 24
10 HISTORY OF ISRO............................................ 27
11 CHANDRAYAN-1............................................... 31
12 CHANDRAYAN-2............................................... 33
13 യാത്ര കർണാടക&കുശാൽനഗർ............................ 36
14 നന്മയുടെ ചിത്രശലഭം............................................ 37
15 പഴശ്ശിസമരങ്ങൾ................................................. 38
16 DIGITAL PAINTING.......................................... 39

# പ്രൗഢോജ്ജ്വലം പടിയൂർ



കണ്ണൂർ ജില്ലയിലെ മലയോര ഗ്രാമമാണ് പടിയൂർ ഇരിട്ടി - തളിപ്പറമ്പ് സംസ്ഥാനപാതയിൽ ഇരിട്ടിയിൽ നിന്നും പത്ത്കിലോമീറ്റർ അകലെയാണ് പടിയൂർ ഹൈസ്കൂൾ. വിദ്യാഭ്യാസത്തിനായി പ്രദേശവാസികൾക്ക് കുന്നോത്ത്, ഇരിട്ടി,ഇരിക്കൂർ, നായാട്ടുപാറ എന്നിവിടങ്ങളിലുള്ള ഹൈസ്കൂളുകളെ അശ്രയിക്കേണ്ടിയിരുന്നു. കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വന്നത് പടിയൂരിന് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സൃഷ്ടിച്ചു. അതിനു പരിഹാരമായി സംസ്ഥാന സർക്കാരിന്റെ 'ഓരോ പഞ്ചായത്തിലും ഒരു ഹൈസ്കൂൾ എന്ന തീരുമാനം' പടിയൂരിന്റെ വിദ്യാഭ്യസ-സാംസ്കാരിക ചക്രവാളത്തിൽ പുതിയ അധ്യായം രചിച്ചുകൊണ്ട് 2008-ൽ ഗവ. ഹൈസ്കൂൾ പടിയൂർ സ്ഥാപിതമായി.

2008 ഫെബ്രുവരി 7-ന് പടിയൂർ പഞ്ചായത്ത് ഓഫീസിൽ രൂപീകരിച്ച സ്പോൺസറിംഗ് കമ്മിറ്റി ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. 2008ഫെബ്രുവരി 21-ന് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യം പടിയൂർ എഡ്യുക്കേഷണൽ സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്തെ ചെറിയ കെട്ടിടത്തിലും പിന്നീട് പുലിക്കാട്ടുള്ള സ്വകാര്യകെട്ടിടത്തിലും സ്കൂൾ പ്രവർത്തിച്ചു. ജില്ലയിലെ മികച്ച ഐ.ടി.ലാബ്, ശാസ്ത്രപോഷിണിലാബുകൾ, ലൈബ്രറി ഹാൾ, ആർട്ട് ഗാലറി, ഉച്ചഭക്ഷണ പദ്ധതിക്കായി ഡൈനിംഗ് ഹാൾ, വിസ്തൃതമായ കളിസ്ഥലം മുതലായ ഭൗതിക സൗകര്യങ്ങൾ വിദ്യാലയം സ്വന്തമാക്കിയിട്ടുണ്ട്. മുഴുവൻ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലസ്സ് റൂമുകളായ വിദ്യാലയം 12.10.2020-ൽ ഹൈടെക് വിദ്യാലയങ്ങളുടെ സംസ്ഥാനതല പ്രഖ്യാപനത്തിന്റെ ഭാഗമായി ഹൈടെക് വിദ്യാലയമായി പ്രഖ്യാപിക്കപ്പെട്ടു.

സ്കൂൾ കലോത്സവം, ശാസ്ത്രമേളകൾ, ഐ.ടി.മേള, സംസ്കൃതോത്സവം, കായികമേള മുതലായ കുട്ടികളുടെ കലാ- ശാസ്ത്ര- കായിക മത്സരങ്ങളിൽ മിന്നുന്ന നേട്ടം വിദ്യാലയം സ്വന്തമാക്കിയിട്ടുണ്ട്. ഇരിക്കൂർ സബ് ജില്ലാ സ്കൂൾ കലോത്സവത്തിൽ എട്ടു തവണ രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുവാൻ വിദ്യാലയത്തിന് സാധിച്ചു. വിദ്യാരംഗ സാഹിത്യോത്സവത്തിൽ രണ്ട് തവണ ജി.എച്ച്. എസ്.എസ് പടിയൂർ ഒന്നാം സ്ഥാനത്തെത്തി. തുടർന്ന് വിദ്യാരംഗം കലാസാഹിത്യശിൽപശാലകളിൽ വിവിധ വർഷങ്ങളിൽ വ്യത്യസ്തമേഖലകളിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. ഇരിക്കൂർ സബ് ജില്ലാ സംസ്കൃതോത്സവത്തിൽ വിദ്യാലയം എട്ടുതവണ ഒന്നാമതെത്തി. ഐ.ടി. മേളയിൽ ചാമ്പ്യൻഷിപ്പും റണ്ണേഴ്സപ്പും വ്യത്യസ്ത വർഷങ്ങളിൽ സ്വന്തമാക്കി. എൻ.എം.എം.എസ്. സ്കോളർഷിപ്പ്, സംസ്കൃതം സ്കോളർഷിപ്പും എല്ലാ വർഷവും കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്.

ജനപ്രതിനിധികളുടെയും പി.ടി.എ ഭാരവാഹികളുടെയും സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പ്രഗത്ഭമതികളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ സഹകരണവും പ്രോത്സാഹനവും നേടി കൊണ്ട് പടിയൂരിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിച്ച് വിദ്യാഭ്യാസ- സംസ്കാരിക ഭൂമികയിൽ തലയെടുപ്പോടെ നിന്ന് പ്രവർത്തനം തുടരുന്ന പടിയൂർ ഹൈസ്കൂൾ. കുഞ്ഞുമനസ്സുകളെ വലിയ സ്വപ്നങ്ങൾ കാണുവാൻ പ്രേരിപ്പിച്ച്, അതിന് ചിറകും നൽകി സാക്ഷാത്കാരത്തിനുള്ള ഊർജ്ജം പകർന്ന് മുന്നോട്ട്..............

# Nature

The sunshine came back
The birds are waiting for
the sun
The flowers are dancing
in the breeze.
And the parrots are
crying.
Children are going to
school
Somebody is going for
their job
We are enjoying this day.
The trees are happy.
We are in love with
nature.
Forever and ever.
The greatest path in my
life is nature
Let us save our nature
forever and ever.

By SREENANDA K

# നവകേരള നിർമ്മാണത്തിൽ വൈദ്യുത സുരക്ഷയുടെ പങ്ക്

എനിക്ക് ഇവിടെ ലഭിച്ചിരിക്കുന്ന വിഷയം നവകേരളനിർമ്മാണത്തിൽ വൈദ്യുത സുരക്ഷയുടെ പങ്ക് എന്നുള്ളതാണ്. കഴിഞ്ഞ കാലത്തിൽ നിന്നും വളരെയേറെ വ്യത്യാസപ്പെട്ടിരിക്കുന്ന നാം ഇന്ന് കാണുന്ന കേരളം. വിദ്യാഭ്യാസമേഖലയിലും,കാർഷികമേഖലയിലും,ഗതാഗത മേഖലയിലും,വ്യവസായിക മേഖലയിലും ഒരുപാട് മാറ്റങ്ങൾ വന്നു. അതിനൊരു ഉത്തമോദാഹരണമാണ് നമ്മുടെ ഇപ്പോഴത്തെ ഹൈടെക് വിദ്യാലയം. ഓലമേഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഒരുപാട് ഉയരത്തിലാണ് ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനം. വിദ്യാഭ്യാസ സ്ഥാപനങ്ങിൽ മാത്രമല്ല ഗതാഗമേഖലയിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി. പണ്ടു കാലത്തെ ഇടുങ്ങിയ റോഡുകളിൽ നിന്നും മാറി നാം ഇന്ന് കാണുന്ന ഹൈവേറോഡുകളായി മാറി. പേട്രോൾ,ഡീസൽ എന്നിവ ഉപയോഗിക്കാതെയുള്ള ഇലക്ട്രിക്ക് വാഹനങ്ങളും നമ്മുടെ ഇന്നത്തെ നവകേരളത്തിൽ ഉണ്ട്. കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് ആരോഗ്യമേഖലയിലും വമ്പിച്ച പുരോഗതി ഉണ്ടായി. ലോകത്തെ മുഴുവൻ ഭീതിയിലാക്കിയ കൊറോണ,നിപ എന്ന മഹാ മാരികളെ പിടിച്ചു നിർത്താനുള്ള അത്യാധുനിക സംവിധാനങ്ങൾ നവകേരളത്തിൽ ഉണ്ട്.
വൈദ്യുതിയുടെ ലഭ്യതകൊണ്ടു മാത്രമേ നാം ഇന്ന് കാണുന്ന നവകേരളത്തിൽ ഇതെല്ലാം സാധ്യമാവുകയുള്ളൂ. ഏതു മേഖലയിലായാലും വൈദ്യുതി അത്യന്താപേക്ഷിതമാണ്. ഒരു നേരത്തെ അശ്രദ്ധമൂലം ഒട്ടനവധി ജീവനുകൾ പൊലിയുന്നു. കാറ്റിലൂടെയും മഴയിലൂടെയും ലൈൻകമ്പികൾ പൊട്ടി താഴേക്ക് വീഴുവാൻ സാധ്യത കൂടുതലാണ്. അതു പോലെതന്നെയാണ് ചാർജ് ചെയ്തുകൊണ്ട് മൊബൈൽഫോൺ ഉപയോഗിക്കുന്നത് ജീവന് തന്നെ ഭീഷിണിയാണ്. ഓവ്ചാലുകൾ വൃത്തിയാക്കാത്തതുമൂലം വെള്ളപ്പൊക്കം ഉണ്ടാകുന്നു. അതുമൂലം താഴ്ന്ന പ്രദേശങ്ങളിൽ ഷോക്കടിക്കാനുള്ള സാധ്യത കൂടുതലാണ്. വൈദ്യുതാഘാതമേൽക്കാൻ ഇടയായാൽ അയാളുടെ ശരീര താപനില പെട്ടെന്നു കുറയുന്നു. അപ്പോൾ രക്തത്തിന്റെ വിസ്കോസിറ്റി കൂടുന്നതിനാൽ രക്തക്കുഴലുകളിലൂടെ രക്തത്തിന് എളുപ്പത്തിൽ ഒഴുകാൻ സാധിക്കാതെ ഹൃതയാഘാതം സംഭവിക്കാൻ സാധ്യതയുണ്ട്. ഇടിയും മിന്നലുമുള്ളപ്പോൾ ലാൻഡ് ഫോൺ,മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കരുത്. ടി വി യുടെ കേബിൾ ബന്ധവും വിച്ഛേദിക്കുക. നനഞ്ഞ കൈ കൊണ്ട് സ്വിച്ചിടരുത്. വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ റബർച്ചെരുപ്പ് ധരിക്കുക. എല്ലായ്പ്പോഴും 3 പിൻപ്ലഗ് മാത്രം ഉപയോഗിക്കുക. ശരിയായ ആംപിയറിലുള്ള പ്ലഗ്ഗുകൾ,എക്സ്റ്റൻഷൻ കോഡ് എന്നിവ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഈ കാര്യങ്ങൾ കൃത്യമായി ശ്രദ്ധിച്ചാൽ ഒരു പരിധിവരെ വൈദ്യുതാഘാതം തടയാം.

By DEVAPRIYA PV

# ജീവിതം ഇനിയും ബാക്കി

"അയ്യോ വല്ലതും തരണേ എന്തെങ്കിലും കഴിച്ചിട്ട് രണ്ട് ദിവസമായി. വിശക്കുന്നേ......" കാറിന്റെ ഗ്ലാസ്സ് മെല്ലെ താഴ്ത്തി അവൾ പുറത്തേക്ക് നോക്കി. ഏകദേശം 12 വയസ്സുള്ള ഒരു പെൺകുട്ടിയും ആറുമാസം പ്രായമുള്ള കുഞ്ഞുമായിരുന്നു അത്. കീറി പഴകിയ വസ്ത്രം, ക്ഷീണിച്ച മുഖം, നഗ്നമായ പാദങ്ങൾ. അച്ഛനും അമ്മയും അനാഥമാക്കപ്പെട്ട രണ്ട് പിഞ്ചോമനകൾ. അവളുടെ കണ്ണുകൾ നിറഞ്ഞ് തുളുമ്പി. തൊണ്ട ഇടറുന്നുണ്ടായിരുന്നു.
അമ്മ മരിച്ചതോടെ അച്ഛൻ അവളെ തെരുവിൽ ഉപേക്ഷിച്ചു. ആരോരും ഇല്ലാത്ത അവൾ അനാഥയാണ്. പിന്നീട് അവളെ അന്വേഷിച്ച് ഇന്നേ വരെ ആരും വന്നിട്ടില്ല. അവൾ 6 വയസ്സു പ്രായമുള്ളപ്പോൾ തന്നെ വീട്ടു വേലയും ചെറിയ പണികളും ചെയ്ത് തുടങ്ങിയിരുന്നു. ഇത് കണ്ട് തെരുവു സർക്കസ്സുകാരന്റെ ഭാര്യയായ ലക്ഷ്മി അവളെ എടുത്തു വളർത്താൻ തുടങ്ങി. പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും നൽകി. എന്നാലും പണത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നു ലക്ഷ്മിക്ക് . കാലം കഴിയുന്തോറും അവുളുടെ വളർത്തമ്മയായ ലക്ഷ്മി കിടപ്പിലായി. അവൾ എന്നാലും നല്ല രീതിയിൽ പഠിച്ചു. പെട്ടന്നൊരു ദിവസം ലക്ഷ്മിക്ക് ശ്വാസം എടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. അവൾ ഓടിയെത്തി. ലക്ഷ്മി അവളുടെ നെഞ്ചോടു ചേർത്തുവച്ച് പറഞ്ഞു . "നല്ല രീതിയിൽ പഠിച്ച് വളർന്ന് ജോലി മേടിക്കണം". ശ്വാസം പതുക്കെ കുറഞ്ഞുവന്നു. ലക്ഷ്മി മരണമടഞ്ഞു . "അമ്മേ" പെട്ടെന്ന് അവൾ ഞെട്ടിയുണർന്നു. എന്താണ് മേഡം ? എന്താ പറ്റിയത് ? കോൺഫറൻസ് ഹാൾ എത്തി ഇറങ്ങുന്നില്ലേ.... ഡ്രൈവർ നാണുവേട്ടന്റെ ശബ്ദമായിരുന്നു അത്. അവൾ ചുറ്റും നോക്കി. കാറിൽ നിന്നു ഫോണെടുത്തു പുറത്തേക്കിറങ്ങി ജീവിതം ഇനിയും ബാക്കിയായി അവൾ മുന്നോട്ടു നീങ്ങി.

By RITHUNANDA PV

# തണലില്ലാത്തവർ

ഓർമ്മവെച്ച നാൾ മുതൽ നഗരത്തിലെ ഒഴിഞ്ഞകടത്തിണ്ണയിലാണ് അബു.കൂടെ മുത്തു എന്ന് അവൻ ഓമനപ്പേരിട്ട് വിളിക്കുന്ന നായയുമുണ്ട്.അവൻ ആ നഗരത്തിൽ എത്തിയനാൾ മുതൽ മുത്തു അവനോടൊപ്പമുണ്ട്. വളരെ ചെറുപ്പത്തിൽ തന്നെ മുത്തുവിനെ അവന് ലഭിച്ചു.അതും ആ കടത്തിണ്ണയിൽ നിന്ന്. സാമാന്യം ഒരു തറവാട്ടു കുടുംബ മായിരുന്നു അഫ്ലഹ് എന്ന അബുവിന്റേത്.ബാപ്പയും ഉമ്മയും ഉപ്പൂപ്പായും രണ്ട് അനിജത്തിമാരുമുള്ള ഒരു കൊച്ചുകുടുംബമായിരുന്നു അവരുടേത്.ബാപ്പയ്ക്ക് ചന്തയിൽ കച്ചവടം ഉണ്ടായിരുന്നു.കച്ചവടം ആയതിനാൽ ഒരുപാട് സുഹൃത്തുക്കളും ശത്രുക്കളും ഉണ്ടായിരുന്നു.ശത്രുക്കളേക്കാൾ അപകടകാരികൾ നമ്മൾ വിശ്വസിച്ചു കൂടെ നിർത്തുന്ന സുഹൃത്തുക്കളാണെന്ന് ബാപ്പ എന്നും അവനോട് പറയുമായിരുന്നു.അങ്ങനെ ഒരു സുഹൃത്താണ് അബുവിന്റെ ജീവിത സംഭവത്തിന് കാരണക്കാരൻ.അബു രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോളാണ് അതുണ്ടായത്.

പഠിത്തത്തിൽ വളരേ മൊശമായിരുന്നെങ്കിലും വായിക്കുവാനും മറ്റു വിഷയങ്ങളെക്കുറിച്ച് അറിയാനുള്ള താല്പര്യവും അവനിലുണ്ടായിരുന്നു.ഫുട്ബോൾ അവന് ജീവനായിരുന്നു. ഉപ്പയും അവന്റെ കളിയെ പ്രോത്സാഹിപ്പിച്ചിരുന്നു. അവന്റെ ക്ലാസ്സിൽ പഠിച്ചിരുന്ന മമ്മദ് പക്ഷെ കളിക്കാനും പഠിക്കാനുമൊക്കെ മിടുക്കനായിരുന്നു. മമ്മദ് അബുവിന്റെ ഉറ്റ സുഹൃത്തുകൂടിയായിരുന്നു.എങ്കിലും അബു കളിക്കളങ്ങളിൽ ഉയർച്ചയിൽ എത്തുന്നത് അവന് സഹിച്ചിരുന്നില്ല.ഒരു നാൾ സ്കൂളിൽ ഒരു ഫ്ട്ബോൾ കോച്ച് വന്നു.

ആ സ്കൂളിലെ കുറച്ചു കുട്ടികളെ അവരുടെ ക്ലബിൽ ചേർക്കാൻ അവർക്കു തൽപര്യം ഉണ്ടായിരുന്നു. അതിനാൽ ഒരു ടൂർണമെന്റ് നടത്തണം എന്ന് പറഞ്ഞാണ് അവർ എത്തിയത്. ഇതറിഞ്ഞ മമ്മദ് അബുവിനെ ആ ടൂർണമെന്റിൽ നിന്നും മാറ്റിനിർത്താൻ ശ്രമിച്ചു. ടീമിലേക്ക് പേര് നൽകാൻ ആവശ്യപ്പെട്ടപ്പോൾ ക്ലാസ്സ് ലീഡറായ മമ്മദ് അവന്റെപേര് മനപ്പൂർവ്വം ഒഴിവാക്കി. എന്നാൽ അവരുടെ ക്ലാസ്സ് മാഷ് അബുവിന്റെ പേര് നേരത്തെ തന്നെ കൊടുത്തിരുന്നു. എന്നിട്ടും പിന്മാറാൻ മമ്മദ് തയ്യാറായില്ല.

ഒടുവിൽ ടൂർണമെന്റിൽ പങ്കെടുക്കാൻ കുറച്ചു പൈസ വേണമെന്നും വീട്ടിൽ നിന്ന് നാളെ കൊണ്ടുവരണമെന്നും മമ്മദ് അബുവിനോട് പറഞ്ഞു. എന്നാൽ വീട്ടിലെത്തി അബു ഉമ്മയോട് പൈസ ചോദിച്ചപ്പോൾ ഉമ്മ അവനോട് തരില്ലെന്ന് തീർത്തു പറഞ്ഞു. ബാപ്പകച്ചവട ആവശ്യത്തിനായി നഗരത്തിലേക്ക് പോയിരുന്നു. ബാപ്പ ഉണ്ടായിരുന്നെങ്കിൽ തനിക്ക് പൈസ തരുമായിരുന്നെന്ന് അവൻ ചിന്തിച്ചു. ഒടുവിൽ അനുജത്തിയുടെ വളമോഷ്ടിക്കാമെന്ന് അവൻ തീരുമാനിച്ചു. അങ്ങനെ രാത്രിയിൽ എല്ലാവരും ഉറങ്ങിയപ്പോൾ വള എടുക്കാനായി അബു അലമാരയുടെ അടുത്തെത്തിയതും പുറകിൽ നിന്ന് ഉമ്മയുടെ വിളികേട്ട്  അവൻ ഞെട്ടിവിറച്ചു. ബാപ്പയും ഉമ്മയുടെ കൂടെയുണ്ടായിരുന്നു. ബാപ്പ വന്നപ്പോൾ വാതിൽ തുറന്നുകൊടുക്കാനായി ഉമ്മയെഴുന്നേറ്റപ്പോഴാണ് അബു പതുങ്ങി അലമാരയുടെ അടുത്തു നിൽക്കുന്നത് ഉമ്മ കണ്ടത്.

കൂടാതെ മമ്മദ് ഉമ്മയെ വിളിച്ച് അബു ഇന്ന് രാത്രി മോഷ്ടിക്കുമെന്ന് പറഞ്ഞെങ്കിലും ഉമ്മയത് കാര്യമാക്കിയെടുത്തില്ല. ദേഷ്യവും സങ്കടവും ബാപ്പയും ഉമ്മയും അബുവിനോട് ഒന്നും മിണ്ടാതെ അകത്തുപോയി. തന്നെ കുറിച്ച് ഉമ്മ വിഷമിച്ചതിൽ മനംനൊന്തായിരുന്നു അന്നു രാത്രിതന്നെ നഗരത്തിലേക്ക് വണ്ടി കയറിയത്. അവിടെ വെച്ചാണ് അവന് മുത്തുവിനെ കിട്ടിയത്.പിന്നീട് മുത്തുവിനോടൊപ്പമായി അവന്റെ ജീവിതം.തണലില്ലാത്തതിന്റെ അവസ്ഥ അബു തിരിച്ചറിഞ്ഞു. അത്രയും നാൾ സ്നേഹത്തിന്റെ തണലിൽ കഴിഞ്ഞ അവന് ജീവിതം അരോജകമായി തോന്നി. മുത്തുവിനെ മടിയിൽ കിടത്തി തലയിൽ തലോടിക്കൊണ്ട് അബു കടത്തിണ്ണയിൽ തന്റെ ജീവിതത്തെ മാറ്റി മറിച്ച സംഭവങ്ങളാലോചിച്ച് കിടക്കുകയായിരുന്നു. ഇനിയൊരിക്കലും തനിക്ക് ഉമ്മയുടേയും ബാപ്പയുടെ സ്നേഹം നുകരാൻ കഴിയില്ലെന്ന് അവൻ ചിന്തിച്ചു. മുത്തുവിനേപ്പോലെ സ്നേഹത്തിന്റെ തണലില്ലാത്തവനായി താൻ മാറിയെന്ന് അബു തിരിച്ചറിഞ്ഞു.

ഇനി മുത്തുവിന് തുണയായി ജീവിക്കാമെന്ന് അബു തീരുമാനിക്കുകയായിരുന്നു.ആദ്യമൊന്നും വാലുമാട്ടി പുറകെ വന്നിരുന്ന മുത്തിവിനെ ഒന്ന് തിരിഞ്ഞു നോക്കുക പോലും ചെയ്തിരുന്നില്ല.ഒരു നാൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അബുവിനെ ആക്രമിക്കാൻ വന്ന നായിക്കളെ തുരത്തിയോടിച്ചത് മുത്തുവാണ്. അന്ന് അവന് അതിനോട് ചെറിയൊരു ഇഷ്ടം തോന്നി.അത് വളർന്ന് വാത്സല്യമായി. പിന്നീട് മുത്തുവിന് തണലായി മാറാമെന്ന് അവൻ തീരുമാനിക്കുയായിരുന്നു. തണലില്ലാത്തവൻ മറ്റൊരുവന് തണലായി.അപ്പോഴും അബുവിന്റെ മടിയിൽ കിടന്ന് മുത്തു വാലാട്ടിക്കൊണ്ടിരുന്നു.

By SUJAY SUJITH

# മധുരബാല്യം

വേണ്ടെനിക്കീ പുള്ളിയുടുപ്പെന്ന
കെറുവിച്ചുപറയുന്ന പ്രായം
അമ്മേയെനിക്കിഷ്ടമല്ലീകറിയെന്ന
വാശിപിടിക്കുന്ന ബാല്യം
തുമ്പിയെക്കിട്ടുവാനൊരുതുമ്പിയായ്
തുള്ളിപ്പറക്കുന്ന ബാല്യകാലം.
ഊഞ്ഞാലിലാടിത്തിമിർക്കാൻ
ഊഴവും കാത്തു നിൽക്കാൻ
മാനത്തെ മാരിവിൽ ചന്തത്തെ
മാടിവിളിക്കും മോഹം.
കണ്ണിമാങ്ങ പെറുക്കുവാനാമാവിൻ
താഴത്തു ചെന്നീടവേ,കാലിൽ -
തറച്ചൊരു മുള്ളുമായച്ഛന്റെ
ചാരത്തു കൊഞ്ചിക്കരഞ്ഞീടവേ
മുള്ളെടുത്തു മുതുകിൽത്തലോടിപ്പറയുമച്ഛൻ.
പച്ചില നോക്കിയാൽ, മുള്ളിൻ വേദന -
തുച്ഛമായ് തീർന്നിടുമുണ്ണി
അച്ഛന്റെ വാക്കുകേട്ടു, പച്ചില നോക്കും നേരം.
നിറയുന്ന കണ്ണീരാരുമറിയാതെ
വിരിയും ചിരിയിലലിഞ്ഞു ഞാൻ.
മായ്ക്കും റബ്ബറിൻ
മധുരം കിനിയുന്ന മണമൊന്നു
മതിവരെയാസ്വദിക്കെ
കുപ്പിവളപ്പൊട്ടു കൊടുത്തിട്ടു
കുറ്റിപെൻസിൽ നേടി.
മഴയിൽ പുതുകുട ചൂടുവാൻ
മടിയാതെ കാത്തിരുന്ന കാലം
എവിടെത്തിരയണം ? തിരികെ വരുവാൻ
എവിടെയോ പോയൊരാ  മധുരബാല്യം.

NAYANA
PRIYA.S.K

GHSS PADIYOOR

# പൂവ്

പച്ചിലക്കാട്ടിൻ നടുവിൽ
നിറഞ്ഞു
വ്യത്യസ്തനായി നിന്റെ
ഇതളുകൾ
ജലകണങ്ങളാൽ
തിളക്കത്തോടെ-
ജ്വലിച്ചു നിന്നു.
ഇരുകൈകളും നീട്ടി തേൻ
നുകരാനായി
ചിത്രശലഭങ്ങൾ വന്നു
കൊച്ചിളം കാറിന്റെ
ശക്തിയിൽ നിൻ-
ഇതളാകുന്ന ശരീരം നൃത്തം
ചെയ്യുന്നു.
ഉദയസൂര്യൻ നിൻ
മെയ്യഴകിനെ-
സൂക്ഷമതോടെ
ഉറ്റനോക്കുന്നു.
നിലാവിന്റെ വെളിച്ചത്തിൽ
നിൻ-
പ്രഭ ചുറ്റുപാടും നിറയുന്നു......

By SHIVAGANGA PV

# അമ്മ

ഒരു തിരിനാളത്തിൽ കത്തിയിരുന്ന ആ
വിളക്കുമരം,
ആ തിരിയാണെന്നമ്മ.
പുലരിയിൽ ഉദിക്കും സൂര്യനെപ്പോലെ
എന്നമ്മയുടെ പവിത്രമായ ആനനം.
വീടിനൈശ്വര്യം ചാർത്തുമെന്നമ്മ.
ത്യാഗത്തിൽ പൂമൊട്ടാണെന്നമ്മ,
മത്സര ബുദ്ധിയാൽ പരാജയത്തിൻ
മടിയിൽ നിൽക്കുന്ന പൊൻമക്കളെ
മാറിലേറ്റി ചിരിക്കുമെന്നമ്മ.
ദൈവമാണെന്നമ്മ.
ദുഃഖങ്ങളെല്ലാം ഒതുക്കിപ്പിടിച്ച്
മക്കളെ മാറിലേറ്റിക്കാക്കുമെന്നമ്മ.
പരിശുദ്ധിയുടെ നിറവാണെന്നമ്മ.
ആ പുഞ്ചിരിയിൽ വിടരുന്ന മാധുര്യം
നറുവെണ്ണ പോലെ തുളുമ്പിടുന്നു.
കാരുണ്യ വാരിധി എന്നമ്മ.
ജീവിത ദർശകിയാണെന്നമ്മ.
എൻ കുടുംബത്തിൻ ദീപനാളമാണെന്നമ്മ

By SRINANDHA.K

# അമ്മ ഉറങ്ങുകയാണ്

ആസ്വാദനക്കുറിപ്പ്

ശ്രീ ടി. പി. രാജീവൻ എഴുതിയ കവിതയാണ് 'അമ്മ ഉറങ്ങുകയാണ് '. വളരെ മനോഹരമായ ഭാഷാ ശൈലികളും അർത്ഥവത്തും വായനക്കാർക്ക് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയത്തക്കവിധത്തിലുള്ള സൃഷ്ടികളുടെ ഉടമയാണ് ടി. പി. രാജീവൻ. തലക്കെട്ടിലൂടെത്തന്നെ ഇതിന്റെ മുഴുവൻ സാരാംശവും ഒരു വിധത്തിൽ നമുക്ക് മനസ്സിലാക്കാവുന്നതാണ്. 'അമ്മ ഉറങ്ങുകയാണ് '. എന്ന ശീർഷകത്തിലൂടെ തന്നെ തന്റെ അമ്മയുടെ അഥവാ തിരോധാനത്തിന്റെ കാരണമെന്തെന്ന് അറിയുവാൻ ഒരു കുട്ടിയുടെ അമിതമായ ആഗ്രഹം ഇതിൽ വ്യക്തമാണ്.തന്റെ അമ്മ ഉറങ്ങുന്നത് ആദ്യമായി കാണുകയാണ് ആ കുട്ടി. വലിയ തൊടികളും, വലിയ വീടും, വലിയ മുറിയും കിടക്കയുമൊക്കെ ഉണ്ടായിട്ടും തന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നും ക്ഷണം പോലും ഓടിമറയാതെ ജീവിച്ചിരുന്ന അമ്മയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.അതുപോലെ തന്നെ തന്റെ അമ്മ ഉറങ്ങാതിരിക്കുന്നതിനുള്ള കാരണങ്ങളും ഇവിടെ വ്യക്തമാക്കുകയാണ്.തന്റെ കുടുംബത്തെ എല്ലാ വിധത്തിലും സംരക്ഷിക്കണം എന്ന ദൃഢനിശ്ചയത്തോടെ നിലനിന്നിരുന്ന അമ്മ എല്ലാവരും ഉണരുന്നതിനു മുമ്പ് ഉണർന്ന് കൊണ്ട് തന്റെ കർത്തവ്യങ്ങൾ നിർവഹിച്ചിരുന്ന അമ്മയെ കവി സ്മരിക്കുകയാണ്. അമ്മ എന്ന് പറയുന്ന വാക്കിനർത്ഥം എന്തെന്ന് വിവരിക്കാൻ ഈ പ്രപഞ്ചത്തിലെ വാക്കുകൾ മതിയാവില്ല എന്നതാണ് സത്യം. നമ്മൾ എന്തു ജോലികൾ ചെയ്തു എന്നു പറഞ്ഞാലും അമ്മയുടെ പൂർണ്ണതയെ താരതമ്യം ചെയ്യാൻ കഴിയില്ല. വളർന്നു വരുമ്പോൾ നമുക്ക് അധ്യാപകരായും സുഹൃത്തായും ആദ്യം കൂടെയുണ്ടാവുന്നത് അമ്മയാണ്. അമ്മയ്ക്ക് പകരം മറ്റൊരു വ്യക്തിയെയും പകരക്കാരായി മാറ്റാൻ കഴിയില്ല. ജീവിതത്തിലൊരിക്കലും എത്ര സുഖസൗകര്യങ്ങൾ ലഭിച്ചിട്ടും തന്റെ കർത്തവ്യങ്ങളെക്കുറിച്ച് വിസ്മരിക്കാതെ സദാ സമയവും ഉറക്കം പോലും അൽപം മതി എന്നു തീരുമാനിച്ച അമ്മ പെട്ടെന്നൊരു ദിവസം തന്റെ കണ്ണുകളടച്ചതിനെ അവിശ്വസിനീയമായി ദർശിക്കുകയാണ് കവി.

By SREENANDA N

# നന്മയുടെ ലോകത്തെ ഇരുണ്ട വെളിച്ചങ്ങൾ

നല്ല തണുപ്പുള്ള പുലരിയിൽ തേൻമാവിന്റെ മുകളിൽ അണ്ണാരക്കണ്ണനൊത്ത് മാമ്പഴം തിന്ന് മയക്കത്തിലാണ്ടു. ഉറക്കത്തിൽ നിന്ന് കണ്ണുതുറക്കുമ്പോൾ മുഴുവൻ സ്വർണമേഘങ്ങൾ. ഞാൻ അതിന് ചിലതിന് നേരെ പാഞ്ഞു . പക്ഷെ ഒന്നിനേയും പിടിക്കാനായില്ല. അച്ഛന്റെ കടങ്ങൾ തീർക്കാൻ ഒരു മാർഗമായതിനാലാണ് ഞാൻ അതിന് പിന്നാലെ പാഞ്ഞത്. ഒടുവിൽ ഒന്നിനെ ചാടി പിടികൂടി. കിട്ടിയ ഉടനെ അത് മാഞ്ഞുപോയിഎന്നു മാത്രമല്ല ചാട്ടത്തിൽ എത്തിപ്പെട്ടത് ഒരു കുഴിയിലായിരുന്നു. പെട്ടെന്ന് കുഴിക്ക് ആഴംകൂടി ഞാൻ ആഴത്തിലേക്ക് താന്നു പെട്ടന്നാണ് യഥാർത്ത ബോധം വന്നത് ഞാൻ സ്വപ്നം കാണുകയായിരുന്നു.

പക്ഷെ ഞാൻ മാവിൻ കൊമ്പിൽ നിന്നും താഴത്തെത്തി പച്ചപ്പളുങ്കുപോലുള്ള പുൽമെത്തയിൽ വീണതിനാൽ വേദനയെന്തെന്ന് ഞാനറിഞ്ഞില്ല. കാലിന് ഊന്നൽ നൽകി ഞാൻ വേലിയിൽ പിടിച്ച് ഉണ്ടായതൊക്കെ ആലോചിച്ച് ചിരിച്ച് വീട്ടിലേക്ക് നടന്നു.

വീട്ടിലെത്തി അമ്മയെ വിളിച്ച് കാര്യം പറഞ്ഞതും വീട്ടിലെല്ലാവർക്കും കൂടെക്കൂടെ ചിരിക്കാൻ ഒരു കാരണമായി. പക്ഷെ ഞാനത് കാര്യമായെടുത്തില്ല. അൽപനേരം കഴിഞ്ഞ് ഞാനെന്റെ കിങ്ങിണിപ്പൂച്ചയെ കൂട്ടി ആൽക്കുന്നിലെ ആൽമരച്ചോട്ടിലേക്ക് നടന്നു.

മലയുടെ ഒത്തമുകളിലെത്തിയാൽ സമതലങ്ങൾ പോൽ വിശാല പ്രദേശമാണ്. ആൽമരച്ചോട്ടിലിരുന്ന് ഞാനും കിങ്ങിണിയും വറുത്ത അവിൽ തിന്നുമ്പോൾ അതാ ഒരു ചൂളമടി. ഞാനും കിങ്ങിണിയും ഓരോ ദിശയിലേക്കും നോക്കി. പെട്ടെന്ന് തലയ്ക്കുമുകളിൽ ആൽക്കൊമ്പിൽ ആരോ മഹാ വിഷ്ണുവിനെപ്പോലെ കിടക്കുന്നു ആൽത്തറയിലെ പരുപരുത്ത ഭാഗത്ത് ഇരുന്ന് ഞാൻ നോക്കി. അതപ്പുവാ...

എന്റെ ഉറ്റസുഹൃത്താ ഇന്ന് അവൻ എന്നേക്കാൾ നേരത്തെ ഇവിടെത്തി. കിങ്ങിണി വലിഞ്ഞ് കയറി അപ്പുവിനടുത്തെത്തി എന്നിട്ട് അപ്പുവിനൊപ്പം താഴത്തിറങ്ങി. നടന്നതൊക്കെ വിവരിച്ച് ഞാനവിടിരുന്നു.അവൻ ചിന്തയിലാണ്ടു. പെട്ടെന്ന് അവൻ വിളറിയ ചിരിയോടെ പറഞ്ഞു.എടാ,എടുത്തുചാട്ടം ആപത്തെന്ന വലിയ സന്ദേശമാണ് ഈ സ്വപ്നം നിന്നെ പഠിപ്പിച്ചത്, ഏത് വലിയ അവസരമുണ്ടയാലും അതിന്റെ പിന്നിലുള്ള ചതിക്കുഴികൾ മനസ്സിലാക്കാനുള്ള ഉൾക്കാഴ്ച്ചവേണമെന്നാണ് സത്യം. അവൻ പറഞ്ഞത് എന്നെങ്കിലും പ്രയോജനപ്പെടുമെന്ന വിശ്വാസത്തിൽ കിങ്ങിണിയെ കൂട്ടി വീട്ടിലേക്ക് നടന്നു.

<u>അഞ്ച് വർഷങ്ങക്ക് ശേഷം...</u>

ഒരു ലോട്ടറി അടിച്ച് അച്ഛന്റെ കടബാധ്യതകൾ ഒഴിവായി,ഒരു ഫ്ലാറ്റിലേക്ക് താമസം മാറ്റി. പിന്നീടൊരിക്കലും ഞാൻ തേൻമാവും ആൽമരവും കണ്ടിട്ടില്ലാ. വീട്ടിലെല്ലാവർക്കും ലാപ് ടോപ്പും  മൊബൈൽഫോണും! ഭക്ഷണം വേണ്ടാ ഉറക്കം വേണ്ടാ എല്ലാവർക്കും ആ വില്ലനെമതി.കാലങ്ങൾ കടന്നുപേയി.ഒരുച്ചസമയത്ത് ചാർജ് തീർന്ന് കുത്തിവച്ച അച്ഛന്റെ മൊബൈൽ ഒന്ന് ശബ്ദിച്ചു.

ടിംടിം,ഞാനോടിച്ചെന്നെടുത്തു കണ്ടയുടനെ ഞാൻ തുള്ളിച്ചാടി 1രൂപ നൽകിയാൽ രണ്ട് ദിവസത്തിനുള്ളിൽ ആയിരമായി ഇരട്ടിച്ചുതരും!,1രൂപ അപ്പോൾതന്നെ കൊടുത്ത്  അച്ഛന്റെ അക്കൗണ്ട് നമ്പർ നൽകി . ഒരാഴ്ച്ചക്കു ശേഷം ക്രമാതീതമായി പലരീതിയിൽ പൈസ അക്കൗണ്ടിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരുന്നു ഒടുവിൽ ഫ്ലാറ്റിൽ നിന്ന് പുറത്താക്ക പ്പെട്ടു. ചില മൊബൈലും ലാപ് ടോപ്പും വിറ്റ് പഴയ വീട് തിരിച്ചുപിടിച്ചു.ചില പ്രശ്നങ്ങൾ മാറിയെങ്കിലും ഇപ്പോഴും എന്റെ മൊബൈലും ലാപ് ടോപ്പും ശബ്ദിക്കുന്നുണ്ട്.ടിംടിം...............!

By NAVANEETH. P

# ISRO (THE SUCCESSFULL SPACE AGENCY)

## HISTORY OF ISRO

1969-ൽ ISRO സ്ഥാപിക്കപ്പെട്ടു. അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ  ബഹിരാകാശ ദൗത്യങ്ങൾ  ചെയ്യാനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും തീവ്രമായി മത്സരിക്കുന്ന കാലഘട്ടമായിരുന്നു അത്. അതേ വർഷം അതായത് 1969-ൽ നാസ മനുഷ്യരെ ചന്ദ്രനിൽ വരെ എത്തിച്ചു. ആയിരക്കണക്കിന് കോടി രൂപയായിരുന്നു അന്നത്തെ കാലത്തിൽ നാസ ചിലവാക്കിയിരുന്നത്. എന്നാൽ അതേ സമയം ഇന്ത്യ അന്ന് ദാരിദ്ര്യത്തിലായിരുന്നു . വലിയ സമ്പത്ത് എന്ന് പറയാനായിട്ട് പ്രിത്യേകിച്ച് ഒന്നും നമ്മുക്കുണ്ടായിട്ടില്ല. ആഹാരത്തിനു പോലും ജനങ്ങൾ ബുദ്ധിമുട്ടിയിരുന്ന കാലം. തുടക്കത്തിൽ വളരേ നിസ്സാരമായ മുതൽ മുടക്ക് മാത്രമേ  ISRO-യ്ക്ക് ഉണ്ടായിരുന്നുള്ളൂ. അതിനാൽ തന്നെ ബഹിരാകാശ പ്രവർത്തനത്തിലൂടെ എന്തെങ്കിലും നേട്ടം കൈവരിക്കണമെങ്കിൽ അത്യതികം കാര്യക്ഷമതയോടു കൂടി ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഇവിടെ ISRO-യുടെ ഏറ്റവും വലിയ ലക്ഷ്യം എന്നതു മറ്റു രാജ്യങ്ങളേക്കാൾ മുന്നേറണം എന്നതായിരുന്നില്ല നാസയെ പോലെ വലിയ പദ്ധതികൾ ചെയ്യാൻ ഒന്നും ISRO വിഭാവനം ചെയ്തിരുന്നില്ല.  മറിച്ച് ഇന്ത്യയുടെ ഇന്ത്യയിലെ ജനങ്ങളുടേയും പുരോഗതിയായിരുന്നു ISRO-യുടെ ലക്ഷ്യം. ആശയ വിനിമയം എത്രമാത്രം പ്രധാനപ്പെട്ടതാണ് എന്ന് നമ്മുക്ക് അറിയാം. എന്നാൽ അന്നത്തെ കാലത്തിൽ കമ്മ്യൂണിക്കേഷൻ നടത്താൻ നമ്മുക്ക് സ്വന്തമായി ഒരു സാറ്റലൈറ്റ് ഉണ്ടായിരുന്നില്ല .

അതുപോലെ തന്നെ പണ്ട് ഇവിടുത്തെ ജനങ്ങൽ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നത് കൊണ്ട് കാലാവസ്ഥ കൃത്യമായി മനസ്സിലാക്കുക എന്നതും നമ്മുടെ വലിയൊരു ആവശ്യമായിരുന്നു. അങ്ങനെ ISRO കാലാവസ്ഥ നിരീക്ഷണത്തിനും ആശയവിനിമയത്തിനുമാവശ്യമായ സാറ്റലൈറ്റുകളാണ് ആദ്യ കാലഘട്ടത്തിൽ വിക്ഷേപിച്ചത്. ചിലവഴിക്കാൻ കാശ് കുറവായതുകൊണ്ട് തന്നെ അത്യധികം കാര്യക്ഷമതയോടു കൂടിയാണ് അവർ ഈ വിക്ഷേപണങ്ങൾ എല്ലാം ചെയ്യുത് . വളരെ വളരെ ലളിതമായ രീതിയിലായിരുന്നു ISRO -യുടെ ആദ്യാകാല പ്രവർത്തനങ്ങൾ സൈക്കളിലും,കാളവണ്ടിയിലുമാണ് റോക്കറ്റിന്റെ ഭാഗങ്ങൾ അന്ന് എത്തിച്ചിരുന്നത്. ശാസ്ത്ജ്ഞരും,എഞ്ചിനിയേഴ്സും മറ്റു തൊഴിലാളികളുമടക്കം ആകെ മൊത്തം മൂവായിരം പേര് മാത്രമാണ് അന്ന് ISRO-യിൽ പ്രവർത്തിച്ചിരുന്നത്.അത് സമയം നാസയുടെ Appolo ദൗത്യത്തിനു വേണ്ടി പ്രവർത്തിക്കാൻ രണ്ടു ലക്ഷത്തിൽ കൂടുതൽ ആൾക്കാർ ഉണ്ടായിരുന്നു. പക്ഷേ ഇന്ന് നാസയിലും ISRO-യിലും ഏകദേശം ഒരേ അളവിലുള്ള തൊഴിലാളികളുണ്ട് . ISRO-സ്ഥാപിതമായ 6-ാം വർഷം അതായത് 1975ഏപ്രിൽ 19-ന് ISRO ആദ്യത്തെ SATALITE വിക്ഷേപിച്ചു ARYABATA SATALITE. പക്ഷെ അന്നും നമ്മുക്ക് സ്വന്തമായി ഒരു റോക്കറ്റ് ഉണ്ടായിരുന്നില്ല. SOVITE UNION -ന്റെ (USSR) സഹായത്തോടെ അവരുടെ COSMOS 3M റോക്കറ്റിലാണ് അത് വിക്ഷേപിച്ചത്. ആകെ മൊത്തം 6 റോക്കറ്റുകളാണ് ISRO DESIGN ചെയ്യുത് അതിലെ 4എണ്ണം ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ISRO ആദ്യമായിട്ട് നിർമ്മിച്ച റോക്കറ്റാണ് SLV . SLV ചെറിയൊരു റോക്കറ്റായിരുന്നു. ഇത് 22മീറ്റർ ഉയരമുള്ള 17ടൺ ഭാരമുള്ളതും ലോ എർത്ത് ഓർബിറ്റിൽ 40 കിലോഗ്രാം ക്ലാസ്സ് പേലോഡുകൾ സ്ഥാപിക്കാൻ കഴിവുള്ളതായിരുന്നു ഇത്.

1979-ലാണ് ആദ്യാമായി SLV റോക്കറ്റ് വിക്ഷേപിച്ചത് നിർഭാഗ്യവശാൽ അത് പരാജയപ്പെട്ടു. അടുത്തവർഷം അതായത് 1980-ൽ ISRO വീണ്ടും SLV റോക്കറ്റ് വിക്ഷേിക്കുകയും അതിലൂടെ വിജയകരമായി ROHINI RS-1 സാറ്റലൈറ്റിനെ ബഹിരാകാശത്ത് എത്തിക്കുകയും ചെയ്തു. ശേഷം ISRO കൂടുതൽ ശക്തമായ ASLV എന്ന റോക്കറ്റ് നിർമ്മിച്ച .40 ടൺ ഭാരം ഉയർത്തി, 24 മീറ്റർ ഉയരമുള്ള ASLV ക്ക് അഞ്ച് ഘട്ടങ്ങളുണ്ട്,150 KG ക്ലാസ്സ് ഉപഗ്രഹങ്ങലെ400 കിലോമീറ്റർ വൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലേക്ക് എത്തിക്കാൻ കഴിയും. എന്നാൽ ഈ റോക്കറ്റ വലിയൊരു പരാജയമായിരുന്നു. 4തവണ വിക്ഷേപിച്ചതിൽ 3എണ്ണം പരാജയപ്പെട്ടു. അതുകൊണ്ടാണ് ISRO PSLV നിർമിച്ചത് . ഇന്ത്യയുടെ മൂന്നാം തലമുറ വിക്ഷേപണ വാഹനമാണ് PSLV. ലിക്വിഡ് സ്റ്റേജുകളുള്ള ഇന്ത്യയുടെ ആദ്യ വിക്ഷേപണ വാഹനമാണ് ഇത്. 1994 ഒകിടോബറിലെ ആദ്യത്തെവിജയകരമായ വിക്ഷേപണത്തിനു ശേഷം PSLV ഇന്ത്യയുടെ വിശ്വസ്തവും ബഹുമുഖവുമായ വർക്ക് ഹോഴ്സ് വിക്ഷേപണവാഹനമായി ഉയർന്നു. വാഹനം നിരവധി ഇന്ത്യൻ ,വിദേശ ഉപഗ്രഹങ്ങൽ വിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ PSLV,2008-ൽ ചന്ദ്രയാൻ-1, 2013-മംഗൾയാൻ എന്നീ രണ്ട് ബഹിരാകാശ ഉപഗ്രഹങ്ങലെ വിജയകരമായി വിക്ഷേപിച്ചു.P.S.L.V.C-48 വിക്ഷേപണം PSLV-യുടെ 50-ാം വിക്ഷേപണമാണ്. GSLV ISRO-യുടെ അടുത്ത റോക്കറ്റ്. ക്രയോജനിക്ക് മൂന്നാം ഘട്ടം ഉപയോഗിച്ച് ജിയോ ട്രാൻസ്ഫർ ഭ്രമണപഥത്തിൽ ആശയവിനിമയ ഉപഗ്രഹങ്ങള് വിക്ഷേപിക്കുന്നതിനായി ഇന്ത്യ വികസിപ്പിച്ചെടുത്ത വിക്ഷേപണ വാഹനമാണ് GSLV.

തുടക്കത്തിൽ റഷ്യൻ ജി കെ വിതരണം ചെയ്ത ക്രയോജനിക്കൽ ഘട്ടങ്ങൾ ഉപയോഗിച്ചു. പിന്നീട് ക്രയോജനിക്ക് ഘട്ടം തദ്ദേശിയമായി വികസിപ്പിക്കുകയും 2014 ജനുവരിയിൽ GSLV D5 മുതൽ ഉൾപ്പെടുത്തുകയും ചെയ്തു.ഈ പ്രവർത്തനക്ഷമമായ നാലാം തലമുറ ലോഞ്ച് വെഹിക്കൾ നാല് ലിക്വിഡ് സ്ട്രാപ് ഓണുകളുള്ള മൂന്ന് ഘട്ട വാഹനമാണ്. തദ്ദേശിയമായി വികസിപ്പിച്ച ക്രയോജനിക് അപ്പർ സ്റ്റേജ് തെളിയിക്കപ്പെട്ട വിമാനം GSLV-യുടെ മൂന്നാം ഘട്ടമാണ്. 2014 ജനുവരി മുതൽ ഇത് തുടർച്ചയായി ആറ് വിജയങ്ങൾ നേടി. 5000 കിലോഗ്രാം ഭാരം ഇതിന് ചുമക്കാൻ കഴിയും.ISRO-യുടെ അഞ്ചാമത്തെ റോക്കറ്റാണ് GSLV MK-3. രണ്ട് സോളിഡ് സ്ട്രാപ്-ഓൺ മോഡുകൾ,ഒരു ലിക്വിഡ് കോർ സ്റ്റേജ്, ഉയർന്ന ത്രസ്റ്റ് ക്രയോജനിക് അപ്പർ സ്റ്റേജ് എന്നിവയുള്ള മൂന്ന് ഘട്ട വാഹനമാണ് GSLV-3 ക്രമീകരിച്ചിരിക്കുന്നത്. 204 ടൺ സോളിഡ് പ്രൊപ്പല്ലന്റുള്ള ലോകത്തിലെ ഏറ്റവും വലിയ സോളിഡ് ബൂസ്റ്ററുകളിൽ ഒന്നാണ് S200 സോളിഡ് മോട്ടോർ. 640 ടൺ ത്രോസ്റ്റ് ലിഫ്റ്റ് ഓഫ് ഭാരവും 5മീറ്റർ വ്യാസമുള്ള പേലോഡ് ഫെയറിംഗ് ഉള്ള ഈ വാഹനത്തിന്റെ മൊത്തത്തിലുള്ള നീളം 43.5മീറ്ററാണ്. 10000 കിലോഗ്രാം ഭാരം വരെ ഇതിന് ചുമക്കാൻ കഴിയും. ഇന്ന് ഇതിന്റെ പേര് LVM-3 എന്നാണ്. 5തവണയാണ് ഇത് വിക്ഷേപിച്ചത് 5 ഉം പൂർണവിജയമായിരുന്നു.ISRO ഭാവിയിൽ നിർമ്മിക്കാൻ പോകുന്ന രണ്ടു റോക്കറ്റുകളാണ് RLV TD ,SEROMIT ENGIN

By suryadev

# CHANDRAYAN-1

CHANDRAYAN-1-1999 UNDIAN ACADEMY OF SCIENCE-ലെ ഒരു മീറ്റിംഗിലാണ് ഇന്ത്യ ഒരു ചന്ദ്രദൗത്യം നടത്തണമെന്ന ആശയം ആദ്യമായി മുന്നോട്ട് വച്ചത് .ശേഷം ASI ഈ ആശയത്തിനെ മുന്നോട്ടു കൊണ്ടുപോയി. ഒടുവിൽ 2003-ൽ പലമേഖലയിൽ നിന്നുമുള്ള 100-ൽ പരം ശാസ്ത്രജ്ഞർ ഈ ആശയത്തെക്കുറിച്ച് ചർച്ചചെയ്യുകയും ISRO ഈ ദൗത്യം ചെയ്യാൻ പ്രാപ്തമാണെന്ന് അംഗീകരിക്കുകയും ചെയ്തു. അതേ വർഷം തന്നെ ഗവണമെന്റും ചന്ദ്രദൗത്യം ചെയ്യാനുള്ള അനുമതിയും നൽകി. അങ്ങനെ 5 വർഷങ്ങളുടെ തയ്യാറെടുപ്പിന് ശേഷം 2008-ൽ CHANDRAYAN-1 വിക്ഷേപിച്ചു. CHANDRAYAN-1-ൽ പ്രധാനമായും രണ്ട് ഉപകരണങ്ങലുണ്ടായിരുന്നു ORBITER ഉം IMPACTOR ഉം. യഥാർത്തത്തിൽ ചന്ദ്രനെ ചുറ്റി വലം വയിക്കുന്ന ഒരു പേടകം മാത്രമായിട്ടാണ് CANDARYAN-1 ദൗത്യം ചെയ്യാൻ ആദ്യം പദ്ധതി ഇട്ടത്. എന്നാൽ മിസൈൽ MAN OF INDIA or APJ ABDULKALAM ഈ ദൗത്യത്തിൽ നമ്മൾ വെറുതെ ചന്ദ്രനെ വലം വെച്ചാൽ പോര മറിച്ച് ഏതെങ്കിലും ഒരു വിധത്തിൽ ചന്ദ്രനെ ഒന്നു തൊടണം എന്നു പറഞ്ഞു. അങ്ങനെയാണ് വളരേ ചുരുങ്ങിയ സമയം കൊണ്ട് ORBITER നോടൊപ്പം ഒരു IMPACTOR കൂടി നിർമ്മിച്ചത്. ചന്ദ്രനെ തുടർച്ചയായി വലം വെച്ചുകൊണ്ടു ചന്ദ്രനെ നിരീക്ഷക്കുന്നതാണ് ORBITER. TERRAIN MAPING CAMERA,HYPER SPECTRA IMAGER,LUNAR LASER RANGIN INSTRAMENT,HIGH ENERGY GAMMA X-RAY SPECTROMETER,NEAR INFRARED SPECTROMETER,അങ്ങനെ പല ഉപകരണങ്ങളു ഈ ഓർബിറ്ററിൽ ഉണ്ടായിരുന്നു.

ഓർബിറ്ററിനുള്ളിൽ വച്ചിരിക്കുന്ന മറ്റൊരുപകരണമാണ് IMPACTOR പോരുപോലെ തന്നെ ഇത് ചന്ദ്രന്റെ ഉപരിതലത്തിൽ ചെന്നിടിക്കുന്ന ഒരു ഉപകരണമാണ്. ഓർബിറ്റർ ചന്ദ്രനെ വലം ചെച്ചു തുടങ്ങിയ ശേഷം അത് ചന്ദ്രന്റെ SOUTH POLE-ൽ എത്തുമ്പോൾ ഓർബിറ്ററിൽ നിന്നും IMPACTOR വേർപെട്ട് നേരെ ചന്ദന്റെ ഉപരിതലത്തിൽ വന്ന് പതിച്ചു. അങ്ങനെ പതിച്ചപ്പോഴുണ്ടായ ആഘാതമുപയോഗിച്ച് ചന്ദ്രന്റെ ഉപരിതല സവിശേഷതയെക്കുറിച്ച് മനസിലാക്കാൻ കഴിഞ്ഞു. അങ്ങനെ അബ്ദുൽകലാം നിർദ്ദേശിച്ച പ്രകാരം നമ്മൾ ചന്ദ്രനെ വലം വയ്ക്കുന്നതിനു പകരം തൊടുകയും ചെയ്തു. അങ്ങനെ വളരെ വലിയ വിജയം കൈവരിച്ച ഒരു ദൗത്യമായിരുന്നു CHANDRAYAN-1. അത്രയും നാളുകൾക്കിടയിൽ ഇത് 3400 -ൽ കൂടുതൽ തവണ ചന്ദ്രനെ വലം വയ്ക്കുകയും ചന്ദ്രന്റെ ഉപരിതലത്തിൽ 70000 ത്തിൽ പരം ചിത്രങ്ങൾ പകർത്തുകയും ചെയ്തു. ഓർബിറ്ററിലെ SPECTROMETER ശേഖരിച്ച ഡേറ്റയും പിന്നെ IMPACTOR-ൽ നിന്നുള്ള ഡേറ്റയും പരിശോധിച്ച് നോക്കിയപ്പോഴാണ് ചന്ദ്രനിൽ ജലം ഉണ്ടെന്ന് നമ്മുക്ക് മനസ്സിലാക്കാൻ സാധിച്ചത് നാസയ്ക്കുപോലും ചെയ്യാൻ പറ്റാത്ത കാര്യം ISRO ചെയ്തു എന്നാണ് ശെരിക്കും നമുക്ക് വലിയൊരു അഭിമാനം തന്നെ ആയിരിക്കുന്നു.

By SURYADEV

# CHANDRAYAN-2

CHANDRAYAN-2:CHANDRAYAN-1-ലൂടെ നമ്മൾ ചന്ദ്രനെ തൊട്ടുവെങ്കിലും ചന്ദ്രനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കണമെങ്കിൽ ചന്ദ്രന്റെ ഉപരിതലത്തിൽ ഒരു പേടകം ഇറക്കേണ്ടത് അനിവാര്യമായിരുന്നു. അതിനുവേണ്ടിയാണ് CHNDRAYAN-2 ചെയ്യാൻ തീരുമാനിച്ചത്. LARGE AREA SOFT X-RAY SPECTOMETER,SOLOR X-RAY MONITER,DUAL FREQUENCY SYNTHETIC APERTARE RADAR,IMAGING INFRARED SPECTROMETER,TERRAIN MAPPING CAMERA 2,ORBITER HIGH RESOLUTION CAMERA അങ്ങനെ CHNDRAYAN-1 ലുണ്ടായിരുന്നതിനേക്കാൾ വളരേ അഡ്വാൻസ്ഡ് നിരവധി ഉപകരണങ്ങൾ CHANDRAYAN-2-ൽ ഉണ്ടായിരുന്നു. അതൊക്കെ പൊറമെ ഏറ്റവും പ്രധാനപ്പെട്ട രണ്ടുപകരണങ്ങൾകൂടിയുണ്ടായിരുന്നു VIKRAM എന്ന ലാന്ററും PRAGYAN എന്ന റോവറും. ഓർബിറ്റർ ചന്ദ്രനെ വലം വെയ്ക്കുന്നതിനിടയിൽ അതിൽ നിന്ന് ലാന്റർ വേർപെടും അത് വളരേ പതിയെ ചന്ദ്രന്റെ ഉപരിതലത്തിൽ സുരക്ഷിതമായി ലാന്റ് ചെയ്യും. ലാന്റ് ചെയ്ത ശേഷം ലാന്റർ തുറന്ന് PRAGYAN ROVER പുറത്തുവരും ഈ റോവർ വാഹനം ചന്ദ്രന്റെ ഉപരിതലത്തിലൂടെ അലഞ്ഞുനടന്ന് നിരീക്ഷണങ്ങൾ നടത്തും.ഈ ലാന്ററിലും ചന്ദ്രന്റെ ഉപരിതല താപനിലയെക്കുറിച്ച് മനസ്സിലാക്കാനുള്ള ഉപകരണം ,MOON QUICKS DETECT ചെയ്യാനുള്ള ഉപകരണം,അന്തരീക്ഷത്തേക്കുറിച്ച് പഠിക്കാനുള്ള ഉപകരണം അങ്ങനെ വളരേ പ്രധാനപ്പെട്ട പല ഉപകരണങ്ങളും ഉണ്ടായിരുന്നു. PRAGYAN ROVER-ൽ ഉപരിതല സവിശേഷതയെക്കുറിച്ച് മനസ്സിലാക്കാനുള്ള ഉപകരണം ക്യാമറകൾ ഒക്കെയായിരുന്നു ഉണ്ടായിരുന്നത്.

പക്ഷേ ലാൻഡർ ഓർബിറ്ററിൽ നിന്നും വേർപെട്ട് ചന്ദ്രന്റെ ഉപരിതലത്തിൽ ഇറങ്ങുന്ന സമയം ലാഡറിൽ ചില പ്രശനങ്ങൾ ഉണ്ടായി വിക്രം ചന്ദ്രന്റെ ഉപരിതലത്തിൽ വേഗത്തിൽ ചെന്നിറങ്ങുമ്പോൾ അതിലേ അഞ്ച് ത്രസ്റ്റേഴ്സ് ഉപയോഗിച്ചാണ് വേഗത കുറക്കുന്നതും അതിനെ നിയന്ത്രിക്കുന്നതും. ഈ ലാൻഡിങ്ങ് മുഴവൻ നിയന്ത്രിച്ചത് ചന്ദ്രയാൻ-2-ൽ ഉള്ള കംമ്പ്യൂട്ടർ ആയിരുന്നു. ഇറങ്ങേണ്ടത് എവിടെയാണെന്ന ഇൻഫോർമേഷൻ നേരത്തെ തന്നെ കംമ്പ്യൂട്ടറിൽ സേവ് ചെയ്ത് വച്ചിട്ടുണ്ടായിരുന്നു. സേവ് ചെയ്ത് വച്ചിട്ടുള്ള സ്ഥലവും അതിന്റെ ക്യാമറയിലൂടെ കാണുന്ന സ്ഥലവും ഒരു പോലെയാണോ എന്ന് പരിശോധിക്കും.അങ്ങനെ പരിശോധിച്ച് സ്ഥിതീകരിച്ച ശേഷമാണ് അത് നിലം തൊടുന്നത് ഇതായിരുന്നു ISRO-യുടെ പദ്ധതി. പക്ഷേ നിർഭാഗ്യവശാൽ ലാൻഡറിലെ എൻഞ്ചിനുകൾ അവർ വിചാരിച്ചതിനേക്കാൾ ശക്തി പുറപ്പെടുവിച്ചു.ഈ അമിതമായ ശക്തിയെ എങ്ങനെ പ്രതിരോധിക്കണമെന്ന് ലാൻഡറിലെ സോഫ്റ്റ്വെയറിന് അറിയില്ലായിരുന്നു. അത് ലാൻഡറിന്റെ സിസ്റ്റത്തിൽ പല ERROR'S സൃഷ്ടിച്ചു അതുകാരണം ലാൻഡറിന്റെ നിയന്ത്രണം നഷ്ടമായി.  നിയന്ത്രണം തിരിച്ചുകൊണ്ടുവരൻ വേണ്ടി ലാൻഡർ വളരേ വേഗം അങ്ങോട്ടും ഇങ്ങോട്ടും തിരിയാനൊക്കെ ശ്രമിച്ചു എന്നാൽ സോഫ്റ്റ്വെയറിന്റെ പരിമിതികൊണ്ട് അതിന് വേണ്ട അത്ര വേഗത്തിൽ തിരായാൻ സാധിച്ചില്ല കാരണം അത്ര വേഗം തിരിയേണ്ടി വരും എന്ന് ശാസ്ത്രരംഗം പ്രതീക്ഷിച്ചില്ല.ഇതിന്റെയെല്ലാം അനന്തരഫലമായി വെറും 2M/S വേഗതയിൽ നിലം തൊടേണ്ട ലാൻഡർ 50M/S വേഗതയിലും കൂടുതൽ വേഗത്തിലാണ് ചെന്ന് വീണത്.അങ്ങനെ അത് തകർന്നു പോയി.

ഏകദേശം 2 ആഴ്ച്ചകളോളം സമയം വരെ ISRO-യും NASA-യും വിക്രവുമായി ബന്ധപ്പെടാൻ ശ്രമിച്ചിരുന്നു.പക്ഷേ അത് സാധിച്ചില്ല. പിന്നീടുള്ള ഗവേഷണത്തിൽ ലാൻഡ് ചെയ്യാൻ ഉദ്ധേശിച്ചിരുന്ന സ്ഥല്തത് നിന്ന്  വെറും 60M  അകലെയാണ് വിക്രം ചെന്നു പദിച്ചത് എന്ന് കണ്ടെത്തി. അതിവേഗം വന്നു പതിച്ചതിന്റെ ആഘാതത്തിൽ ലാൻഡറും ഉള്ളിൽ ഉണ്ടായിരുന്ന റോവറും മുഴവൻ തകർന്നുപോയി.പക്ഷേ ഇത് പൂർണമായും പരാജയപ്പെട്ടില്ല ലാൻഡറും റോവറും തകർന്നെങ്കിലും ഓർബിറ്റർ ഇപ്പോഴും
പ്രവർത്തിക്കുന്നുണ്ടായിരുന്നു

By SURYADEV

# യാത്ര കർണാടക&കുശാൽനഗർ

ടൂറിസ്റ്റ് സ്ഥലമാണ് കർണാടക&കുശാൽനഗർ.ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ മേഖലയിലെ ഒരു സംസ്ഥാനമാണ് കർണാടക.സഞ്ചാരികലെ ആകർഷിക്കുന്ന നിരവധി മനോഹരമായ സ്ഥലങ്ങളുണ്ട്. കർണാടകയിലെ നദികളും പുഴകളും വളരെ മനോഹരമാണ് . ഈ പ്രദേശങ്ങൾ പച്ചപ്പ് നിറഞ്ഞ വനങ്ങളും മനോഹരമായ പുൽമേടുകളും പട്ടണങ്ങളും നഗരങ്ങളും വെള്ളച്ചാട്ടങ്ങളും കൊണ്ട് സമ്പന്നമാണ്.കുടകിൽ കാപ്പിയും പലസാധനങ്ങളും ഉണ്ട്. കർണാടക എന്നു പറയുന്നത് നല്ല തണുപ്പുള്ള പ്രദേശമാണ്. ഇവിടത്തെ ചൂട് അവിടെയുണ്ടെങ്കിലും ഇവിടത്തെ അത്ര ചൂട് അവിടെയില്ല .കർണാടകയിലെ സ്ഥലം നിങ്ങൾ എല്ലാവരും കാണുക.കാഴ്ച്ചകൾ കണ്ട് ചുരം കേറി പോകാൻ നല്ല രസമാണ്.പോകുന്ന വഴിയിൽ നിന്ന് നമ്മുക്ക് കുറേ കുരങ്ങന്മാരെ കാണാം.അവിടത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളാണ് ഗോൾഡൻ ടെംമ്പിൾ,ദുബാരെ എലിഫെന്റ് ക്യാമ്പ്,നിസർഗതാം എന്നിവ പ്രധാനപ്പെട്ടതാണ്.അവിടെ കൂടുതൽ ടൂറിസ്റ്റ് കാർ വരുന്ന സ്ഥലമാണ് .കുശാൽനഗർ എന്ന സ്ഥലത്ത് ആറംങ്കിഡം എന്ന സ്ഥലത്തേക്കും കുറേ ടൂറിസ്റ്റുകാർ പോകുന്നുണ്ട്.അവിടെ രാത്രി വാട്ടർ ഡാൻസ് കുട്ടികൾക്ക് കളിക്കാനായി പാർക്കുമുണ്ട്. അവിടത്തെ കാലാവസ്ഥ നല്ല തളുപ്പുള്ള കാലാവസ്ഥയാണ് . എല്ലാ വെക്കേഷനും നേരെ കർണാടകയിലെ വിരാജ്പേട്ടയ്ക്ക് പോകും എല്ലാവരും. എനിക്ക് ഏറ്റവും ഇഷ്ട്ടപ്പെട്ട സ്ഥലമാണ് കർണാടക.

By ARYANANDA MA

# നന്മയുടെ ചിത്രശലഭം

അമ്മു നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ് . അവൾ ഒരു ദിവസം ബസ്സ് സ്റ്റോപ്പിൽ അവളുടെ സ്കൂൾ ബസ്സ് കാത്ത് നിൽക്കുകയായിരുന്നു.റോഡിലൂടെ വണ്ടികൾ പോകുന്നുണ്ട്. നടപ്പാതയിലൂടെ ഒരു മുത്തശ്ശി നടന്നു പോവുന്നുണ്ടായിരുന്നു. പെട്ടെന്ന് അവിടെയുള്ള ഒരു കല്ലിൽ തട്ടി മുത്തശ്ശി വീണു. മുത്തശ്ശി നിലവിളിക്കുകയാണ് “  അയ്യോ ആരെങ്കിലും എന്നെ രക്ഷിക്കണെ ” ഇത് കേട്ട് അമ്മു ഓടി ചെന്നു. ചുറ്റും ആളുകൾ കൂട്ടംകൂടി നിന്ന് ചിത്രങ്ങളും മറ്റും ഫോണിൽ പകർത്തുകയും ചെയ്യുന്നുണ്ട്.അവൾക്ക് എന്ത് ചെയ്യേണം എന്ന് അറിയില്ല. ആ സമയത്ത് അവളുടെ സ്കൂൾ ബസ്സ് വന്നു. അവൾ ഡ്രൈവറോട് കാര്യം പറഞ്ഞു.അയാൾ ഒരു വണ്ടി പിടിച്ച് മുത്തശ്ശിയെ ആശുപത്രിയിൽ എത്തിച്ചു.അന്നത്തെ അസംബ്ലിയിൽ  പ്രധാന അദ്ധ്യാപിക അവളെ അഭിനന്ദിക്കുകയും ഒരു സമ്മാനം നൽകുകയും ചെയ്തു. ക്ലാസ്സിലെ കുട്ടികളും ടീച്ചർമാരും അവളെ അഭിനന്ദിച്ചു.അവൾ ഈ കാര്യം അമ്മയോടും അച്ഛനോടും പറഞ്ഞു.അവർ പറഞ്ഞു നമ്മുടെ മോൾ നന്മയുടെ ചിത്രശലഭമാണ്.

By SHIKARADISH

# പഴശ്ശിസമരങ്ങൾ

ഡോ.കെ. കെ.എൻ. കുറുപ്പ് എഴുതിയ പഴശ്ശിസമരങ്ങൾ എന്ന പുസ്തകത്തിൽ പഴശ്ശിയുടെയും പഴശ്ശിസമരങ്ങളെയും പരാമർശിച്ചിട്ടുള്ളത്. ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരചരിത്രത്തിൽ ശ്രദ്ധേയമായ ഒരധ്യായമാണ് പഴശ്ശിസമരങ്ങൾ. പഴശ്ശി കേരളവർമ്മ രാജാവിന്റെ 175-ാം ജന്മവാർഷികദിനത്തിലാണ് ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ചത്. പഴശ്ശിസമരത്തിന്റെ സാമൂഹിക-സാമ്പത്തിക-സൈനിക പശ്ചാത്തലം ഈ കൃതിയിൽ വിവരിക്കുന്നു.

ഇന്ത്യയെ സമ്പന്ധിച്ച് തികച്ചും നിർണായകമായ ഒരു കാലഘട്ടമായിരുന്നു പതിനെട്ടാം നൂറ്റാണ്ട്. പ്രബലമായ മുഗൾസാമ്രാജ്യത്തിന്റെ തകർച്ച ഒരു ഭാഗത്ത്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തികേന്ദ്രങ്ങൾ സ്ഥാപിച്ച് തങ്ങളുടെ അധികാര സീമ വിപുലീകരിക്കാനുള്ള യൂറോപ്യൻ ശക്തികളുടെ ശ്രമങ്ങൾ മറുവശത്ത്. ദക്ഷിണേന്ത്യയുടെ ചരിത്ര പശ്ചാത്തലവും ഈ അവസ്ഥയിൽ നിന്നും ഭിന്നമായിരുന്നില്ല. തകർന്നുപോയ വിജയനഗരത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നും ബദനൂർ തുടങ്ങിയ പ്രദേശിക ശക്തികൾ വളർന്നുവന്നതല്ലാതെ സുശക്തമായൊരു കേന്ദ്രീകൃതഭരണം അതിന്റെ സ്ഥാനത്ത് രൂപം കൊണ്ടില്ല. ഇതിനൊരപവാദം പിൽക്കാലത്ത് വളർന്നുവന്ന മൈസൂർ ശക്തി മാത്രമായിരുന്നു ഇതാണ് ഈ കഥയുടെ പശ്ചാത്തലം.

By ANANDU KRISHNA P

# DIGITAL PAINTING



Flower pot.(GIMP) By VISWANAD AV

# GALLERY











# THANK YOU ALL

-BY LITTLE KITES TEAM